# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. – ജീവനക്കാര്യം – ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-1. ഉത്തരവ് നം. ഇ.എസ്.2-85350/17/ആ.വ.ഡ., തീയതി: 15/05/2019.
2. ഉത്തരവ് നം. ഇ.എസ്.2-67652(1)/20/ആ.വ.ഡ., തീയതി: 28/09/2020.
3. ഈ കാര്യാലയത്തിലെ ഇതേ നം. കത്ത് തീയതി: 19/08/2020.

## ഉത്തരവ് നം. ഇ.ഡി.1-3/2020/ആ.വ.ഡ., തീയതി : 28/12/2020.

പരാമർശം ഉത്തരവ് (1), (2) എന്നിവ പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ക്ലാർക്കുമാരുടെ 01/01/2014 മുതൽ 31/12/2016 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടവരുടേയും, ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിച്ച ക്ലാർക്കുമാരുടെ നിയമന പ്രാബല്യ തീയതി പുതുക്കിയത് അനുസരിച്ച് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടവരുടേയും, അക്കൗണ്ട് ടെസ്റ്റ് പാസായ പരിവീക്ഷണ കാലം പൂർത്തിയാക്കിയ ക്ലാർക്കുമാരുടെ സേവന വിവരങ്ങൾ പരാമർശം (3) പ്രകാരമുള്ള സർക്കുലർ പ്രകാരം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ആവശ്യപ്പെടുകയും ആയത് ലഭിച്ചിട്ടുള്ളതുമാകുന്നു. സീനിയർ ക്ലാർക്കുമാരുടെ 20 ഒഴിവുകൾ ഈ വകുപ്പിൽ ഇപ്പോൾ നിലവിലുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് . ആയതിൽ 4 ഒഴിവുകൾ അപ്പീലുകൾക്കായി മാറ്റി വച്ചിട്ടുള്ളതും ശേഷിക്കുന്ന ഒഴിവുകൾ 16 ആയി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത ഒഴിവുകൾ സീനിയർ ക്ലാർക്കിൽ നിന്ന് ഹെഡ് ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചതിലൂടെ ഉണ്ടായിട്ടുള്ളതാകുന്നു.

പ്രസ്തുത സാഹചര്യത്തിൽ അനുബന്ധം 1 -ൽ ഉൾപ്പെടുത്തിയിരിക്കുന്ന എം .ഒ.പി., അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) എന്നിവ പാസായിട്ടുള്ളതും പരിവീക്ഷണകാലം പൂർത്തിയാക്കിയിട്ടുള്ളതും അച്ചടക്ക നടപടികൾ നിലവിലില്ലാത്തതുമായ ക്ലാർക്കുമാരെ 25,200 - 54,000 ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു . സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്ന സമയത്ത് ആവശ്യമെങ്കിൽ ടി പ്രാബല്യ തീയതിയിൽ മാറ്റം വരുത്തി ഉത്തരവാകുന്നതാണ്. അനുബന്ധം 1 -ൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ ജോലി സ്വഭാവത്തിൽ മാറ്റം വരാത്ത സാഹചര്യത്തിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ തന്നെ തുടരുന്നതാണ്. അനുബന്ധം 1 -ൽ ഉൾപ്പെട്ടിരിക്കുന്ന സീനിയർ ക്ലാർക്കുമാർക്ക് (8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രകാരമുള്ള ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളവർ ഒഴികെ) ഉത്തരവ് നം. ജി.ഒ.(പി.) നം. 07/2016/ധന., തീയതി: 20/01/2016 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകിയ അനുബന്ധം 1 -ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരെ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപ് സ്ഥാപന മേധാവികൾ താഴെ പറയുന്ന രേഖകൾ പരിശോധിക്കേണ്ടതാണ്.

1. സീനിയോറിറ്റി പട്ടികയിലെ റാങ്ക് നം.
2. പേര്
3. ജനന തീയതി
4. പരിവീക്ഷണ കാലം പൂർത്തിയാക്കിയ തീയതി

5. എം.ഒ.പി., അക്കൗണ്ട്ടെസ്റ്റ് എന്നിവയുടെ സർട്ടിഫിക്കറ്റ്

ജില്ലാ മെഡിക്കൽ ഓഫീസർമാർ /സ്ഥാപന മേധാവികൾ തെറ്റായ വിവരങ്ങൾ നൽകിയതിലൂടെ സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നേടിയിട്ടുള്ള ക്ലാർക്കുമാർ അനുബന്ധം 1 -ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ഉദ്യോഗക്കയറ്റം ഈ ഉത്തരവ് തീയതി മുതൽ അസാധുവാകുന്നതാണ് . സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ജോലിയിൽ പ്രവേശിച്ച തീയതി എല്ലാ സ്ഥാപന മേധാവികളും അടിയന്തിരമായി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

പരിവീക്ഷണകാലം പൂർത്തിയാക്കുകയും എം.ഒ.പി. അക്കൗണ്ട് ടെസ്റ്റ് മുതലായ യോഗ്യതാ പരീക്ഷകൾ പാസ്സാകുകയും ചെയ്ത ക്ലാർക്കുമാരുടെ സേവന വിവരം ഈ കാര്യാലയത്തിൽ ലഭ്യമാകാത്തതു കാരണം ഉദ്യോഗക്കയറ്റം ലഭിക്കാതെയുണ്ടെങ്കിൽ അത്തരക്കാർ ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ നിശ്ചിത പരിപത്രത്തിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ സേവന വിവരം (അക്കൗണ്ട് ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം) ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും /സ്ഥാപന മേധാവികൾക്കും ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്കും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച വിവരങ്ങൾ എല്ലാ സ്ഥാപന മേധാവികളും സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ്, ഓപ്ഷൻ മുതലായവ സാക്ഷ്യപ്പെടുത്തി പതിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
കുമാരി ബീന വി. റ്റി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മേലധികാരി മുഖേന)

പകർപ്പ്:-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി. എ.
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ്.
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-21/12

## അനുബന്ധം - 1

| ക്രമ നം. | സീനിയോറിറ്റി ലിസ്റ്റ് | റാങ്ക് നം. | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | പേരും, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 01/01/2014 മുതൽ 31/12/2016 വരെ | 64 | 25/05/1983 | 14/07/2014 | ശ്രീമതി കവിത കെ. പി.<br>താലൂക്ക് ആശുപത്രി, നേമം,<br>തിരുവനന്തപുരം | |
| 2. | | 66 എ | 12/04/1987 | 06/06/2014 | ശ്രീമതി അനു രമണൻ<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),<br>കൊല്ലം | |
| 3. | | 67 | 31/05/1983 | 21/07/2014 | ശ്രീമതി രജനി എസ്.<br>24*7 പ്രാഥമികാരോഗ്യ കേന്ദ്രം, ആലിപ്പറമ്പ,<br>മലപ്പുറം | |
| 4. | | 68 | 23/05/1983 | 15/07/2014 | ശ്രീ. സക്കറിയ വി. പി.<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),<br>മലപ്പുറം | |
| 5. | | 70 | 31/05/1985 | 04/09/2014 | ശ്രീ. ജുബി ജോസഫ്<br>സാമൂഹികാരോഗ്യ കേന്ദ്രം, കഞ്ഞിക്കുഴി,<br>ഇടുക്കി | |
| 6. | | 71 | 30/05/1984 | 05/09/2014 | ശ്രീമതി ലേഖ കൃഷ്ണൻ എൽ.<br>ജില്ലാ ആശുപത്രി, തൊടുപുഴ,<br>ഇടുക്കി | |
| 7. | | 73 | 28/04/1975 | 09/07/2014 | ശ്രീ. ജ്യോതി സി. ബി.<br>ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ | |
| 8. | | 74 | 09/03/1989 | 06/08/2014 | ശ്രീ. അജിത് റ്റി. ജി.<br>താലൂക്ക് ആശുപത്രി, ഞാറയ്ക്കൽ,<br>എറണാകുളം | |
| 9. | | 76 | 15/05/1983 | 25/07/2014 | ശ്രീമതി ശ്രീലേഖ കെ.<br>സാമൂഹികാരോഗ്യ കേന്ദ്രം , ആലപ്പാട്,<br>തൃശ്ശൂർ | |
| 10. | | 77 | 13/02/1974 | 18/06/2014 | ശ്രീമതി ലൈല വി. പി.<br>സാമൂഹികാരോഗ്യ കേന്ദ്രം, മീനങ്ങാടി,<br>വയനാട് | |
| 11. | | 78 | 30/05/1984 | 27/08/2014 | ശ്രീ. മഹേഷ് ശർമ എൻ. എസ്.<br>പ്രാഥമികാരോഗ്യ കേന്ദ്രം പുളിക്കൽ,<br>മലപ്പുറം | |
| 12. | | 79 | 21/04/1980 | 28/08/2014 | ശ്രീമതി. അമ്പിളി രാജൻ<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),<br>ഇടുക്കി | |
| 13. | | 82 | 31/05/1975 | 16/09/2014 | ശ്രീ. മനോജ് കെ. നായർ<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),<br>ആലപ്പുഴ | |
| 14. | | 84 | 30/05/1978 | 18/09/2014 | ശ്രീ. സജീവ് കെ.<br>പ്രാഥമികാരോഗ്യ കേന്ദ്രം ചിങ്ങോലി പി. ഒ.,<br>ആലപ്പുഴ | |
| 15. | | 86 | 19/02/1983 | 25/10/2014 | ശ്രീമതി ദിവ്യ ശശികുമാർ<br>പ്രാഥമികാരോഗ്യ കേന്ദ്രം, കോടികുളം,<br>ഇടുക്കി | |
| 16. | | 90 | 29/02/1980 | 30/10/2014 | ശ്രീമതി സ്മിത വി. എസ്.<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം).<br>തിരുവനന്തപുരം | ക്ലാർക്ക് ടൈപ്പിസ്റ്റ് |

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**